## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 377 — 06.02.2013-ൽ മറുപടിയ്ക്ക്

# വൈദ്യുതി വിതരണത്തിന് സ്വകാര്യപങ്കാളിത്തം

**ചോദ്യം**

ശ്രീ. എം. ചന്ദ്രൻ :

(എ) കേരളത്തിലെ വൈദ്യുതി വിതരണത്തിന് സ്വകാര്യപങ്കാളിത്തം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതുസംബന്ധിച്ച് ഏതെങ്കിലും തലത്തിൽ കേന്ദ്രത്തിന് കത്തയച്ചിട്ടുണ്ടോ;

(സി) സ്വകാര്യവത്കരണം സർക്കാരിന്റെ നയമല്ല എങ്കിൽ കത്തയച്ചവർക്കെതിരായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) (ബി) & (സി) ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളുടെ ഉടമസ്ഥതയിലുള്ള വിതരണ സ്ഥാപന ങ്ങളുടെ (State Distribution Companies (DIS COMS)) മോശമായ പ്രവർത്തന നിലവാരവും സാമ്പത്തിക പരാധീനതയും ഗണ്യമായ തോതിലുള്ള ബാധ്യതകളും കണക്കിലെടുത്തുകൊണ്ട് വിതരണ കമ്പനികൾ ക്കായി ഒരു സാമ്പത്തിക പുന:രുദ്ധാരണ പദ്ധതി (Financial Re-structuring Scheme) യ്ക്ക് കേന്ദ്ര സർക്കാരിൻെറ ഊർജ്ജ മന്ത്രാലയം രൂപം നൽകുകയുണ്ടായി. സംസ്ഥാന വിതരണ കമ്പനി കൾക്ക് ഈ സ്കീമിൽ ചേരുന്നതിന് 31-12-2012 വരെ മാത്രമേ അവസരമുണ്ടായിരുന്നുള്ളൂ. സ്കീമിൽ ചേരുന്നതു സംബന്ധിച്ച 'തത്വത്തിലുള്ള' സന്നദ്ധത ഒരാഴ്ച്ചയ്ക്കകം അറിയിക്കണമെന്ന് 2012 നവംബർ 14-ലെ കത്തു പ്രകാരം കേന്ദ്ര ഊർജ്ജ മന്ത്രാലയം നിർദ്ദേശിച്ചിരുന്നു.

ഇതിനകം തന്നെ വളരെ ഗുരുതരമായ സാമ്പത്തിക സ്ഥിതിയിലുള്ള സംസ്ഥാന വൈദ്യുതി ബോർഡിനെ സംബന്ധിച്ചിടത്തോളം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സഹായങ്ങൾ വേണ്ടെന്നു വയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ, മറ്റു പല സംസ്ഥാനങ്ങളും ചെയ്തിട്ടുള്ളതുപോലെ സ്കീമിൽ ചേരുന്നതിനുള്ള 'തത്വത്തിലുള്ള' സമ്മതം 17-12-2012-ലെ കത്ത് പ്രകാരം സംസ്ഥാനം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. സാമ്പത്തിക പുനരുദ്ധാരണ സ്കീം സംബന്ധിച്ച വിവിധ വശങ്ങൾ സർക്കാർ പരിശോധിച്ചു വരികയാണ്.
വിശദമായ പരിശോധനയ്ക്കു ശേഷം മാത്രമേ സർക്കാർ അന്തിമ തീരുമാനം എടുക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ.